No. 75/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**

**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**

**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം സാധുജനങ്ങളുടെ ക്ഷേമത്തിനായി 2022 ഫെബ്രുവരി മാസത്തിൽ ആരംഭിച്ച 'സഹോദരൻ' പദ്ധതിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലമായി വളരെ ഭംഗിയായി നടന്നുവരുന്നു. കഴിഞ്ഞ ഒരു വർഷം ഭവനനിർമ്മാണം (1,93,35,141/- രൂപ), ചികിത്സാ സഹായം (1,84,98,510/- രൂപ), വിദ്യാഭ്യാസ സഹായം (1,45,72,810/- രൂപ), വിവാഹസഹായം (51,40,000/- രൂപ), മറ്റ് അടിയന്തിര ആവശ്യങ്ങൾ തുടങ്ങിയ ഇനങ്ങളിലായി ഏകദേശം ആറ് കോടി രൂപയോളം സഹായധനമായി നൽകി. ഇക്കാര്യത്തിൽ സഹകരിച്ച എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

കേരളത്തിനുള്ളിലും പുറത്തുമുള്ള ഭദ്രാസനങ്ങളിൽ നിന്നും അല്ലാതെയും സഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരുന്ന സാഹചര്യത്തിൽ നമ്മുടെ സഭാമക്കൾ എല്ലാവരുടെയും സഹകരണം ഈ പദ്ധതിയിൽ ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ എല്ലാ ദേവാലയങ്ങളും ഈ സാമ്പത്തികവർഷം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുമ്പോൾ ഒരു നിശ്ചിത തുക 'സഹോദരൻ' പദ്ധതിക്കുവേണ്ടിയും മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ വ്യക്തിപരമായും, ദേവാലയങ്ങളിൽ നിന്നും ഈ പദ്ധതിക്ക് ലഭിച്ച കൈത്താങ്ങൽ അനേകരുടെ കണ്ണുനീരൊപ്പുന്നതിന് സഹായകമായിട്ടുണ്ട് എന്നുള്ളത് സന്തോഷപൂർവ്വം ഓർക്കുന്നു. നമ്മുടെ സഹോദരങ്ങളെ കരുതേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ് എന്നുള്ള ബോധ്യത്തോടെ തുടർന്നും എല്ലാവരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും ഈ പദ്ധതിക്കുവേണ്ടി ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു. 'സഹോദരൻ' പദ്ധതിയുടെ ബാങ്ക് വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. **(Account Name: Baselios Marthoma Mathews III, Bank: ESAF Bank, Kottayam, A/c. No. 50220001884863, IFSC: ESMF0001132)**.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 മാർച്ച് മാസം 17 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.